# വിശുദ്ധ ചാവറയുടെ ആത്മീയതികവ്

സിസ്റ്റർ ജോസി സി.എം.സി.

വേമ്പനാട്ടു കായലിൽ വള്ളമൂന്നുന്നവരുടെ പാട്ടിന്റെ ഈണവും വിയർപ്പിന്റെ ഗന്ധവും ചാവറയച്ചന് നല്ല പരിചയമാണ്.

കുട്ടനാടൻ പുഞ്ചയിലെ കൊച്ചുപെണ്ണേ കുയിലാളേ
കൊട്ടുവേണം കുഴൽവേണം കുരവവേണം
ഓ... തിത്തിതാരാ തിത്തൈ...

എന്ന വള്ളംകളിയുടെ ഈണങ്ങൾ മലയാളികളുടെ ചുണ്ടുകളിൽ താളം തുള്ളിയത് വളരെ പിന്നീടാണ്. അദ്ധ്വാനത്തിന്റെ ഭാരവും ക്ഷീണവും അറിയാതിരിക്കാനാണത്രെ അവർ താളലയത്തോടെ പാടുന്നത്. വിശപ്പ് അവരുടെ കൂടപ്പിറപ്പായിരുന്നു. കാരണം, വള്ളത്തിലെ യാത്രയല്ലേ, ദീർഘനേരം വേണം ലക്ഷ്യസ്ഥാനത്തെത്താൻ. വിശക്കുന്ന വയറിന്റെ കത്തൽ അറിഞ്ഞിട്ടുള്ളവനാണ് ചാവറയച്ചൻ. അതിനാലാണ് വളരെ ദൂരെനിന്നു പഠിക്കാൻ വരുന്ന കുട്ടികൾക്കായി 'ഉച്ചകഞ്ഞി' ഏർപ്പെടുത്തിയത്. മാന്നാനം നാളാഗമത്തിൽ അക്കാര്യം ഇങ്ങനെയാണ് കുറിച്ചുവച്ചിരിക്കുന്നത്.

> ഞായറാഴ്ചകളിലും പെരുന്നാളുകളിലും ഇവിടെ നമസ്കാരം പഠിപ്പാൻ ഏറിയ പൈതങ്ങൾ കൂടുകയും അതിൽ ചില കിടാങ്ങൾ എത്രയും വഴി ദൂരത്തിൽ വന്ന്, അഞ്ചുമണി നേരം വരെയും താമസിക്കുന്നതും ചില കുഞ്ഞുങ്ങൾ പാവപ്പെട്ടതും ആയിരിക്കയാൽ ഈ പുണ്യപ്പെട്ട വേലയിൽ നിന്നു ഏറിയ ആത്മരക്ഷയുണ്ടാകുന്നതാക കൊണ്ട് ഇത്രയും താല്പര്യമായിട്ട് നടക്കേണ്ടുന്നതിനുവേണ്ടി ഉച്ചയ്ക്ക് കഞ്ഞിയും ആവശ്യം പോലെ തുണിയും കൊന്ത, വെന്തിങ്ങ മുതലായതും കൊടുത്തു നടത്തുന്നതിനായിട്ടും പുലയരെ മാർഗം കൂടുന്നതിനായിട്ടും ഇസ്കോളയിട്ട് പഠിപ്പിച്ചു വരുന്ന വകയ്ക്കായിട്ട് ദിവസം തോറും വീട്ടിൽ പിടിയരി എടുത്തുവച്ച് ഞായറാഴ്ച തോറും പള്ളിയിൽ കൊണ്ടുവന്നു തന്ന ഈ ധർമപ്രവൃത്തിക്ക് സഹായിക്കണമെന്ന് ഇവിടെ ഞങ്ങൾ തുടങ്ങിയിരിക്കുന്നത് മതിയാകില്ലെന്നു കണ്ട് പള്ളിപ്പുറം, മുട്ടം, വൈക്കം, മുട്ടുച്ചിറ, കടുത്തുരുത്തി, കുടമാളൂര്, കൈപ്പുഴ, വെച്ചൂര് ഈ പള്ളികളിൽ ഒരു പരസ്യം എഴുതി കൊടുത്തയയ്ക്കുകയും ചെയ്താറെ പലതുള്ളി പെരുവെള്ളം എന്നപോലെ ഈ പള്ളികളിൽ നിന്ന് അരി വരികയും ചെയ്തു.

ഉച്ചഭക്ഷണം മാത്രം പോരാ, വസ്ത്രവും ഭക്തസാധനങ്ങളും കുട്ടികൾക്ക് കൊടുക്കാൻ ഏർപ്പാടാക്കി. ശരീരത്തിനും മനസ്സിനും ആത്മാവിനും പോഷണം ആവശ്യം തന്നെ, എന്നതായിരുന്നു ചാവറപിതാവിന്റെ നിലപാട്.

ഇത് പൈതങ്ങളുടെ കാര്യം. അവരുടെ അമ്മമാരുടെ കാര്യത്തിലും ചാവറയച്ചന് നല്ല കരുതലുണ്ടായിരുന്നു. അവരെ ഉദ്ദേശിച്ചാണ് കൈത്തൊഴിൽ പരിശീലനത്തിന് തുടക്കമിട്ടത്. കൊന്തകെട്ടാണ് തുടക്കം. നോക്കുക; ഇന്ന് കൂനമ്മാവ് എന്ന കൊച്ചുഗ്രാമത്തിൽ നിന്ന്

ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് കൊന്തകൾ ചെന്നെത്തുന്നുണ്ട്.

ഒരുദിവസം, വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ബസീലിക്കയുടെ സമീപമുള്ള ഒരു കൊന്തക്കടയിലേക്ക് ഞാൻ കയറിച്ചെന്നു. അവിടെയതാ ഒരു മലയാളിചേട്ടൻ കൊന്തയുടെ പാക്കറ്റുകൾ എടുത്ത് കടയുടെ ഉടമയ്ക്ക് കൊടുക്കുന്നു. മനോഹരമായ മെഡലുകളും കുരിശുകളും മറ്റുമുണ്ട്. ആ ചേട്ടൻ കൂനമ്മാവുകാരനായിരുന്നു. ഞാൻ വിസ്മയിച്ചുപോയി. എന്റെ കൂടെയുണ്ടായിരുന്ന സിസ്റ്റർ ദീപ്തി എന്നോട് ചോദിച്ചു; കൂനമ്മാവിൽ കൊന്തകെട്ട് ആരംഭിച്ച കഥ അറിയാമോ?

കൂനമ്മാവിലെ കന്യാസ്ത്രിമഠത്തിൽ നിന്നാണ് അതിന്റെ ഉത്ഭവം; തുടക്കക്കാരൻ ചാവറപിതാവും, സിസ്റ്റർ വിശദീകരിച്ചു. പിന്നെയത് കുടിൽ വ്യവസായം എന്ന പേരിൽ പച്ചപിടിച്ചു. ഇപ്പോഴത് വൻതോതിലായി. ഒട്ടേറെ കുടുംബങ്ങളിൽ ഐശ്വര്യത്തിന്റെ സ്രോതസ്സായി മാറി. ആത്മീയതയുടെ പ്രവാഹവുമാണത്. അമ്മച്ചിമാർ ജപമാല ചൊല്ലിക്കൊണ്ടാണ് വീട്ടിലിരുന്നു കൊന്ത കെട്ടുന്നത്. അങ്ങനെ വീട്ടിലും, പരിസരങ്ങളിലും പ്രാർത്ഥനയുടെ തരംഗമുണർത്തുന്നു.

ഈ വർഷം നവംബർ 23 ന് ഒരു കുട്ടനാടൻ പ്രതിഭയെയും ഒരു തൃശൂർക്കാരിയെയും ആദരിച്ചുയർത്തുകയാണ് ഫ്രാൻസീസ് മാർപ്പാപ്പ. വർത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ ചാവറപിതാവിന്റെയും എവുപ്രസ്യമ്മയുടേയും പേരുകൾ പലയാവർത്തി മുഴങ്ങികേൾക്കും. അവരുടെ ഫോട്ടോകൾ അവിടെ തിളങ്ങും. ഇറ്റലിക്കാരായ നാലുപേരും ഭാരതീയരായ രണ്ടുപേരും. ഇവർ ആറുപേരും സമർപ്പിതജീവിതം നയിച്ചവർ എന്നതാണ് അവരിലെ പൊതുഘടകം. ഇവരെ ആറുപേരെയും വിശുദ്ധരെന്ന് പ്രഖ്യാപിച്ചുകൊണ്ട് തിരുസഭ സമർപ്പിതവർഷം ഉദ്ഘാടനം ചെയ്യുകയാണ്, ക്രിസ്തുരാജന്റെ തിരുനാൾ ദിനത്തിൽ.

ദൈവം എടുത്തുപയോഗിച്ച് വലിയവനാക്കി മാറ്റിയ ഒരു കൊച്ചുമനുഷ്യനാണ് താനെന്ന് ചാവറയച്ചൻ വിശ്വസിച്ചു. 'ധ്യാനസല്ലാപങ്ങൾ' എന്ന കൃതിയുടെ ആദ്യപേജിൽ തന്നെത്തന്നെ ചിത്രീകരിക്കുന്നത് അങ്ങനെയാണ്.

" ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ?
ഇത്രടം നീ വന്നത് എങ്ങനെ?
വീട്ടിൽ നിന്നാരു വിളിച്ചു? പട്ടത്തിന് എങ്ങനെ കേറി?
കൊവേന്തയിൽ എങ്ങനെ കൂടി? സഭ എങ്ങനെ കിട്ടി,
പ്രിയോരെന്നാരു വിളിച്ചു, ഇവിടെ എങ്ങനെ വന്നു?
ഇതൊന്നിന് നിന്നെ കൊള്ളാമോ? ഇല്ലയില്ലാ നിശ്ചയം.
അപ്പഴോ തിരുമനസ്സ് **നടക്കും നടത്തും**"

ദൈവമാണ് തന്നിലൂടെ പ്രവർത്തിക്കുന്നത് എന്ന് അദ്ദേഹം തെളിവായി കാണുകയാണ്. ദൈവത്തിനുവേണ്ടി വൻകാര്യങ്ങൾ ഏറ്റെടുത്തു നടത്താൻ തയ്യാറാകുക; ദൈവത്തിൽ നിന്ന് സർവതും പ്രതീക്ഷിക്കുക. അതായിരുന്നു വിശുദ്ധ ചാവറയുടെ ജീവിതസന്ദേശം.

താൻ അഗ്രഹിച്ചതിലും ചോദിച്ചതിലും വളരെ കൂടുതൽ ചെയ്തു തരാൻ കഴിയുന്നവനായി അദ്ദേഹം ദൈവത്തെ കണ്ടു. (എഫേ. 3:20)

അതിനാൽ ചാവറയച്ചൻ തുടങ്ങി വച്ച എല്ലാ കാര്യങ്ങളിലും പ്രതീക്ഷിച്ചതിനെക്കാൾ വലിയ സഹകരണമാണ് ജനങ്ങളിൽ നിന്ന് ലഭിച്ചത്.

കൂനമ്മാവിൽ പനമ്പുമഠം പണി തീർത്ത സംഭവം തന്നെ ഇതിനുദാഹരണമായി കാണാം. പനമ്പുമഠം ആശീർവദിച്ച ദിവസം അദ്ദേഹം ഇങ്ങനെ പറഞ്ഞു. "ഈ പനമ്പും ഓലയും മാറ്റിക്കെട്ടുന്നതിനുമുമ്പ് കല്ലുകൊണ്ടു പണിത ഒരു മഠം ദൈവം നിങ്ങൾക്ക് തരും."

ഇതിന് പിന്നിൽ ദൈവാശ്രയബോധത്തിന്റെ ആഴങ്ങളുണ്ട്; മനുഷ്യരുടെ ഔദാര്യത്തിലുള്ള വിശ്വാസവും.

അതങ്ങനെതന്നെ സംഭവിച്ചു.

1866 ജൂൺ 23 നാണ് പുത്തൻമഠത്തിന് കല്ലിട്ടത്. എട്ടുമാസത്തിനുള്ളിൽ പണിതീർന്നു. പതിമൂന്നുപേർക്ക് താമസിക്കാവുന്ന ഒരു രണ്ടു നിലകെട്ടിടം സജ്ജമായി. അതേവർഷം ഫെബ്രുവരി 13 ന് പനമ്പുകൊണ്ടുള്ള ഒരു ഷെഡ് തയ്യാറാക്കാൻ പോലും കൈയിൽ കാശില്ലായിരുന്നു. എന്റെ ദൈവം തന്റെ മഹത്വത്തിന്റെ സമ്പന്നതയിൽ നിന്ന് യേശുക്രിസ്തുവഴി എനിക്കാവശ്യമുള്ളതെല്ലാം തരും (ഫിലി. 4:19) എന്ന വിശ്വാസത്തിന് തന്നിൽ ഉറപ്പ് കൂടി കൂടി വരുന്നത് അദ്ദേഹം കണ്ടു.

കൂനമ്മാവിലെ കന്യാസ്ത്രി മഠസ്ഥാപനത്തിൽ തന്നെ ദൈവം പഠിപ്പിച്ച ഈ അനുഭവ പാഠത്തിന്റെ ഒരേട് സ്വന്തം ഇടവക ജനങ്ങളുമായി അദ്ദേഹം പങ്കുവച്ചു. 1869 ൽ കേരളത്തിലെ ഒന്നാമത്തെ ഉപവിശാല സ്ഥാപിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയായിരുന്നു ചാവറയച്ചൻ. അദ്ദേഹം പറഞ്ഞു, "എന്റെ വചനം കേട്ട് കർത്താവിനെ പ്രതി നാണമില്ലാത്തവരാകുവിൻ". ജനങ്ങളുടെ ഔദാര്യത്തിന്റെ വാതിലിനുമുമ്പിൽ മുട്ടിക്കൊണ്ടിരിക്കാനുള്ള നിർദ്ദേശമായിരുന്നു അത്.

## പള്ളിക്കൊരു പള്ളിക്കൂടം

'കേരള സാക്ഷരതയുടെ പിതാവ്' എന്ന അഭിധാനം ചാവറപിതാവിന് ലഭിച്ചതിന്റെ പിന്നിലും ഇതേ മനോഭാവം കാണാം. അക്ഷരജ്ഞാനത്തിലൂടെ മാത്രമേ ഒരു ജനതയുടെ പുരോഗതി സാധ്യമാകൂ എന്ന അദ്ദേഹത്തിന്റെ ദീർഘവീക്ഷണം 'പള്ളിയോട് ചേർന്ന് പള്ളിക്കൂടം' സ്ഥാപിക്കണമെന്ന് ഉദ്ബോധിപ്പിക്കാനും അത് നിർബന്ധമാക്കാനും അദ്ദേഹത്തെ പ്രേരിപ്പിച്ചു. പാവപ്പെട്ടവർക്കും ദളിതർക്കും വേണ്ടി സ്കൂളുകൾ തുടങ്ങുന്നതിലേക്ക് അദ്ദേഹത്തെ നയിച്ചതും ഈ സാമൂഹ്യാവബോധം തന്നെ. വെറും ബൗദ്ധികവും ഭൗതികവുമായ ഉന്നതിക്കുള്ള ഉപാധിയായി മാത്രമല്ല ചാവറയച്ചൻ വിദ്യാഭ്യാസത്തെ കണ്ടത്. 1850 മാർച്ച് 25-ാം തീയതി ഇടവക വൈദികർക്കെഴുതിയ ഒരു കത്തിൽ ചാവറയച്ചൻ പ്രകടമാക്കുന്ന ഉൾക്കാഴ്ചയുടെ ആഴം കാണുക.

> "കാഴ്ചക്കുള്ള രണ്ടാമത്തെ ഉപാധി വിദ്യയാകുന്നു എന്ന് സഭാപിതാവായ വിശുദ്ധ എഫ്രേം പഠിപ്പിക്കുന്നു. കണ്ണിന്റെ വെളിവ് കൂടാതെ ലോകത്തിലുള്ള

വസ്തു കാണാൻ വശമില്ലാത്തതുപോലെ പഠനം എന്ന വെളിവു കൂടാതെ പരലോകത്തെയും അതിൽ വസിക്കുന്ന തമ്പുരാനെയും അറിയാൻ വശമില്ലാത്തതിനാൽ കണ്ണില്ലാത്തവർ കുരുടന്മാരായിരിക്കുന്നതുപോലെ പഠിത്തമില്ലാത്തവർ ജ്ഞാനകുരുടന്മാരാകുന്നു. ഈ കുരുടത്തം കാരണത്താൽ നമ്മുടെ മലയാളത്തിലുള്ള ക്രിസ്ത്യാനികൾ പൂർവ നസ്രാണികൾ ആകുന്നു. എങ്കിലും ശുദ്ധമാക്കപ്പെട്ടവരുടെ വിത്തും മുളയും ഇല്ലാതായിരിക്കുന്നു.''

അക്ഷരജ്ഞാനം ഒരാളെ കൊണ്ടുചെന്നെത്തിക്കുന്നത് ആത്മീയതയുടെ വെള്ളി വെളിച്ചത്തിലേക്കാണെന്ന് അദ്ദേഹം മനുഷ്യരെ പഠിപ്പിക്കുകയായിരുന്നു. വായിച്ചു വളരാൻ പുസ്തകങ്ങൾ ഉണ്ടാകണം എന്ന തിരിച്ചറിവ് അച്ചടിശാലയ്ക്ക് രൂപം കൊടുക്കുന്നതിലേക്ക്, ചാവറപിതാവിന്റെ ശ്രദ്ധ തിരിച്ചു. മാന്നാനത്തെ അച്ചുകൂടത്തിൽ നിന്ന് ആദ്യമായി അടിച്ചിറക്കിയ ഗ്രന്ഥം 'ജ്ഞാനപീയുഷ' മാണ്. അതിന്റെ ഒന്നാം പേജിന്റെയും രണ്ടാം പേജിന്റെയും മുകളിൽ അച്ചടിച്ചിരിക്കുന്ന ദൈവസ്തുതികയുടെ വാക്കുകൾ എന്നെ വളരെയേറെ വിസ്മയിപ്പിച്ചിട്ടുണ്ട്. ''സർവ്വേശായ നമ:'' എന്ന വചനത്തോടെ ഒന്നാം പേജ് ആരംഭിക്കുമ്പോൾ, ''അനാദ്യായ നമോസ്തു'' എന്നതാണ് രണ്ടാം പേജിന്റെ തുടക്കകുറിപ്പ്. നമ്മളെ നമ്മളാക്കുന്ന നാടിന്റെ ചരിത്രവും ആത്മീയസമ്പന്നതയും അറിയുക, അത് നമ്മുടെ ജീവിതവുമായി ഇഴ ചേർക്കുക എന്ന സന്ദേശമല്ലേ ചാവറപിതാവ് നമുക്ക് നൽകുന്നത്? കൽദായരുടെയും കർമലീത്തക്കാരുടെയും പാരമ്പര്യത്തിൽ ഊന്നി നിന്നപ്പോഴും ഭാരതത്തിന്റെ ആത്മീയധാരകളോട് അദ്ദേഹം പറ്റിച്ചേർന്നിരുന്നു എന്നു വ്യക്തം.

വിശുദ്ധ ചാവറപിതാവിന്റെ വ്യക്തി പ്രഭാവം അടുത്തുനിന്നും കണ്ടറിഞ്ഞവരാണ് കൂനമ്മാവു മഠത്തിലെ സിസ്റ്റേഴ്സ്. അദ്ദേഹം കേരളസഭയ്ക്ക് ആരായിരുന്നുവെന്ന് മഠത്തിന്റെ നാളാഗമത്തിൽ അവർ ഇപ്രകാരം എഴുതിച്ചേർത്തു:

''നമ്മുടെ പിതാവ് ഈ കേരള രാജ്യത്തിലുള്ള ക്രിസ്ത്യാനികളൊക്കെയ്ക്കും എത്രയും നല്ല ദീപവും കണ്ണാടിയും ആയിരുന്നതു കൂടാതെ ശുദ്ധപള്ളിയുടെ വിശ്വാസത്തെയും വർദ്ധിപ്പിനെയും കുറിച്ചുള്ള തീക്ഷ്ണതയാൽ ഈ തിരുസഭയെ താങ്ങുവാൻ തക്ക തൂണുപോലെയായിരുന്നു.''

പത്തൊൻപതാം നൂറ്റാണ്ടിലെ കത്തോലിക്കാ സമുദായ സീമയിൽ മാത്രം ഒതുങ്ങിനിന്നൊരു ചരിത്രപുരുഷനായിരുന്നില്ല ചാവറപിതാവ്. അദ്ദേഹത്തിന്റെ പ്രസക്തിയും പ്രബോധനങ്ങളും അവയുടെ അനന്യതയിലും സമഗ്രതയിലും ഗ്രഹിക്കാനും മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിക്കാനും നമുക്ക് ഇനിയും കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യം സംശയമാണ്.

വിശുദ്ധ വചനത്തിന്റെ കാഴ്ചപ്പാടിൽ ഒരു വ്യക്തിയെ വിലയിരുത്തേണ്ടത് അയാളുടെ മരണത്തിന്റെ കണ്ണുകളിലൂടെയാണ്.

''ജീവിതാന്ത്യത്തിൽ മനുഷ്യന്റെ യഥാർത്ഥ സ്വഭാവം വെളിപ്പെടും.
മരിക്കും മുമ്പ് ആരെയും ഭാഗ്യവാനെന്ന് വിളിക്കരുത്.
മരണത്തിലൂടെയാണ് മനുഷ്യനെ അറിയുക'' (പ്രഭാ.11: 27-28)

1871 ജനുവരി 3–ാം തീയതി കാലത്ത് എഴരമണിക്കാണ് തന്റെ പാവനാത്മാവിനെ ദൈവകരങ്ങളിൽ അന്തിമമായി സമർപ്പിച്ചത്. അപ്പോൾ അദ്ദേഹത്തിന് 65 വയസ്സ് കഴിഞ്ഞ് 10 മാസവും 25 ദിവസവും പ്രായമായിരുന്നു. ഭൂമിയിലെ ആ അന്ത്യദിനം അദ്ദേഹത്തിനും ചുറ്റുമുള്ളവർക്കും ദൈവീകമായ ഒരനുഭവം തന്നെയായിരുന്നു. അന്ത്യയാത്രക്കുള്ള സമയം അടുത്തുവെന്ന് തിരിച്ചറിഞ്ഞപ്പോൾ തനിക്ക് ഒപ്രുശുമാ തരാൻ അപേക്ഷിച്ചു. അന്ത്യകൂദാശ കൊടുക്കുന്നതിനു മുമ്പ് പിതാവിന്റെ ചാവരുൾ കേൾക്കാനും ആശീർവാദം സ്വീകരിക്കാനുമായി കൂനമ്മാവ് കൊവേന്തയിലെ അദ്ദേഹത്തിന്റെ മക്കളെല്ലാം– വൈദികരും, നോവിസസും ശെമ്മാശ്ശന്മാരും – ഒരുമിച്ചു കൂടി. അവർ കട്ടിലിനു ചുറ്റും മുട്ടുകുത്തി നിന്നു. വളരെ ശാന്തനായി സ്നേഹപൂർവ്വം അദ്ദേഹം സംസാരിക്കാൻ തുടങ്ങി.

> "നിങ്ങൾ എന്തിനു ദുഃഖിക്കുന്നു. ഏതു മനുഷ്യനായാലും ഒരിക്കൽ മരിക്കണം. എന്റെ സമയം ഇപ്പോൾ സമാഗതമായിരിക്കുന്നു. ദൈവാനുഗ്രഹത്താൽ ഈ മുഹൂർത്തത്തിനുവേണ്ടി കുറെനാൾ മുമ്പു മുതൽ ഒരുങ്ങാൻ എനിക്കായി. എന്റെ പ്രിയപ്പെട്ട മാതാപിതാക്കൾ ചെറുപ്പത്തിൽ തന്നെ തിരുകുടുംബത്തെ എനിക്ക് പരിചയപ്പെടുത്തി തന്നു. അന്നു മുതലിങ്ങോട്ട് ഈശോയെയും, മാതാവിനെയും, യൗസേപ്പിതാവിനെയും എന്റെ ഹൃദയത്തിൽ ഞാൻ സൂക്ഷിക്കുകയും വണങ്ങുകയും ചെയ്തിരുന്നു. അവരുടെ സംരക്ഷണം കൊണ്ട് മാമ്മോദീസായിൽ എനിക്കു ലഭിച്ച വരപ്രസാദം നഷ്ടപ്പെടുത്താൻ എനിക്കൊരിക്കലും ഇടവന്നിട്ടില്ല...."

കുറെ ദീർഘമായിത്തന്നെ ആ വന്ദ്യപിതാവ് സംസാരിച്ചു. ആ വാക്കുകളിൽ നിന്നൊഴുകിയിറങ്ങിയ ആത്മീയധാര അവരെയെല്ലാം സ്പർശിച്ചു. ഒടുവിൽ, ആ ദിവ്യകാരുണ്യ പ്രേഷിതൻ ഇങ്ങനെ കൂട്ടിച്ചേർത്തു. "എനിക്ക് രോഗം വർദ്ധിച്ചതിനുശേഷം ദിവ്യബലി അർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ അമേരിക്കയിലും ഏഷ്യയിലും ലോകത്തിന്റെ നാനാഭാഗങ്ങളിലും രാവും പകലും നിരന്തരം ദിവ്യകുഞ്ഞാടിനെ നിത്യപിതാവിന് ബലിയർപ്പിക്കുന്ന പുരോഹിതരോട് ചേർന്ന് എന്റെ ബലി ഞാൻ സമർപ്പിച്ചിരുന്നു."

മരണത്തെ തൊട്ടടുത്ത് കണ്ടുകൊണ്ടിരുന്ന ആ ധ്യാനയോഗിയുടെ ശാന്തതയും വാക്കുകളിലെ വിശുദ്ധിയും വിസ്മയത്തോടെയും അതിലുപരി ആദരവോടെയുമാണ് ലെയോപോൾദ് മൂപ്പച്ചൻ തൊട്ടറിഞ്ഞത്.

അതേ വർഷം തന്നെ ചാവറയച്ചന്റെ ജീവിതകഥ അച്ചടിച്ചു പ്രസിദ്ധീകരിച്ചപ്പോൾ ലെയോപോൾദ് മൂപ്പച്ചൻ ഇങ്ങനെ എഴുതി: "ചാവറയച്ചന്റേതുപോലുള്ള ഒരു വിശുദ്ധ മരണം ലഭിക്കണമെങ്കിൽ അദ്ദേഹത്തിന്റേതുപോലുള്ള വിശുദ്ധ ജീവിതം നയിക്കുക." വി. ചാവറ പിതാവെന്ന വിശുദ്ധ ജീവിതത്തോട് അടുക്കുമ്പോൾ, അനുകരിക്കുമ്പോൾ, മധ്യസ്ഥം യാചിക്കുമ്പോൾ, അനുഗ്രഹങ്ങൾ സ്വന്തമാക്കുമ്പോൾ ഓർക്കുക: നാമും വിശുദ്ധ സ്വർഗ്ഗത്തോട് അടുക്കുകയാണ്. ആത്മീയതയുടെ നിറവ് ആസ്വദിക്കുകയാണ്.